REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ഇന്ത്യയുടെ ഏറ്റവും ഭാരമേറിയ ആശയവിനിമയ ഉപഗ്രഹം CMS-03 യുടെ കൗണ്ട്ഡൗൺ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ പുരോഗമിക്കുന്നു.**
- **മൂന്ന് ദിവസത്തെ ഉത്തരാഖണ്ഡ് സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു ഡെറാഡൂണിലെത്തി.**
- **ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും.**
- **ആകാശവാണി സംഗീത സമ്മേളനത്തിന് ഇന്ന് തുടക്കം.**
- **ICC വനിതാ ലോകകപ്പ് ക്രിക്കറ്റ് ഫൈനലിൽ ഇന്ത്യ ഉച്ച കഴിഞ്ഞ് മൂന്നിന് ദക്ഷിണാഫ്രിക്കയെ നേരിടും. ഇന്ത്യ -ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് മത്സരം ഉച്ചക്ക് 1.45ന്**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ ഏറ്റവും ഭാരമേറിയ ആശയവിനിമയ ഉപഗ്രഹം CMS-03 യുടെ കൗണ്ട്ഡൗൺ ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ പുരോഗമിക്കുന്നു. വൈകിട്ട് 5.26 നാണ് വിക്ഷേപണം.

G-SAT-7R എന്നും അറിയപ്പെടുന്ന മൾട്ടി ബാൻഡ് മിലിട്ടറി ആശയവിനിമയ ഉപഗ്രഹമാണ് CMS-03. രാജ്യത്തെ ഏറ്റവും ശക്തമായ മാർക്ക്-3 റോക്കറ്റുപയോഗിച്ചാണ് വിക്ഷേപണം. ഇന്ത്യൻ ഭൂപ്രദേശത്തും സമുദ്രമേഖലയിലും സേവനങ്ങൾ നൽകാൻ കഴിയുന്ന ഉപഗ്രഹമാണ് CMS-03 എന്ന് ISRO അറിയിച്ചു.

✪✪✪

മൂന്ന് ദിവസത്തെ ഉത്തരാഖണ്ഡ് സന്ദർശനത്തിന് രാഷ്ട്രപതി ദ്രൗപതി മുർമു ഡെറാഡൂണിലെത്തി. പതഞ്ജലി സർവകലാശാലയുടെ രണ്ടാം ബിരുദദാന ചടങ്ങിൽ പ്രസംഗിക്കാൻ ദ്രൗപതി മുർമു ഹരിദ്വാറിലേക്ക് പോയി. പിന്നീട്, രാജ്പൂർ റോഡിലെ ഫുട്ഓവർ ബ്രിഡ്ജ് രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. രാഷ്ട്രപതി നികേതനിലെ അന്താരാഷ്ട്ര സാഹിത്യം, സംസ്കാരം, കലാമേളയിൽ പങ്കെടുക്കുന്നവരുമായി സംവദിക്കുന്നതിനുമായി രാഷ്ട്രപതി പിന്നീട് ഡെറാഡൂണിലെത്തും.

✪✪✪

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ടുദിവസത്തെ സന്ദർശനത്തിന് നാളെ കേരളത്തിൽ എത്തും. നാളെ കൊല്ലം ഫാത്തിമ മാത നാഷണൽ കോളേജ് വജ്ര ജൂബിലി ആഘോഷങ്ങളിൽ അദ്ദേഹം മുഖ്യാതിഥിയായി പങ്കെടുക്കും.

തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ചൊവ്വാഴ്ച ഉപരാഷ്ട്രപതി സന്ദർശിക്കും.

✪✪✪

ഉപരാഷ്ട്രപതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട ഒരുക്കങ്ങളും സുരക്ഷാക്രമീകരണങ്ങളും കൊല്ലത്ത് പുരോഗമിക്കുന്നു. ഫാത്തിമ മാതാ നാഷണൽ കോളേജിലും, ആശ്രാമം മൈതാനത്തെ ഹെലിപ്പാഡിലും, യോഗം ചേരുന്ന ഹോട്ടലിലും സുരക്ഷാഉദ്യോഗസ്ഥർ പരിശോധന നടത്തി. ഹെലിപ്പാഡിൽ നിന്ന് കോളേജിലേക്ക് ഉപരാഷ്ട്രപതിയുടെ വാഹന വ്യൂഹത്തിന്റെ യാത്രാ ട്രയൽ ഉച്ചയ്ക്കു ശേഷം നടത്തും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ ന്യൂഡൽഹിയിൽ മൂന്ന് ദിവസത്തെ എമേർജിംഗ് സയൻസ് ആൻഡ് ടെക്നോളജി ഇന്നൊവേഷൻ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. ഒരു ലക്ഷം കോടി രൂപയുടെ ഗവേഷണ, വികസന, ഇന്നൊവേഷൻ സ്കീം ഫണ്ടിനും പ്രധാനമന്ത്രി തുടക്കം കുറിക്കും.

അക്കാദമിക്, ഗവേഷണ സ്ഥാപനങ്ങൾ, വ്യവസായം, തുടങ്ങിയവയിൽ നിന്ന് 3000 ത്തിലധികം പങ്കാളികളെ ഒരുമിച്ച് കൊണ്ടുവരിക എന്നതാണ് കോൺക്ലേവ് ലക്ഷ്യമിടുന്നത്.

✪✪✪

തിക്കിലും തിരക്കിലും പെട്ട് ഒമ്പത് പേർ മരിച്ച ആന്ധ്രാപ്രദേശിലെ കാശിബുഗ്ഗ വെങ്കിടേശ്വര സ്വാമി ക്ഷേത്രം കേന്ദ്രമന്ത്രി K. റാംമോഹൻ നായിഡുവും, ആന്ധ്രാപ്രദേശ് IT മന്ത്രി നര ലോകേഷും സന്ദർശിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്ക് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപയും പരിക്കേറ്റവർക്ക് 50,000 രൂപയും ധനസഹായം പ്രഖ്യാപിച്ചു. മരിച്ചവരുടെ കുടുംബത്തിന് 15 ലക്ഷം രൂപയും പരിക്കേറ്റവർക്ക് മൂന്ന് ലക്ഷം രൂപയും ആന്ധ്രാ ഗവണ്മെന്റ് ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ട്.

✪✪✪

എറണാകുളം ജംഗ്ഷനെയും KSR ബംഗളൂരുവിനെയും ബന്ധിപ്പിക്കുന്ന പുതിയ വന്ദേ ഭാരത് എക്സ്പ്രസ്, വെള്ളിയാഴ്ച്ച വൈകീട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി വിർച്വലായി ഫ്ലാഗ് ഓഫ് ചെയ്യുമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ അറിയിച്ചു.

പരശുറാം എക്സ്പ്രസിന് വൈക്കം റോഡിലും, ബെംഗളൂരു ഹംസഫർ എക്സ്പ്രസ്സിന് കായംകുളം ജംഗ്ഷനിലും അനുവദിച്ച അധിക സ്റ്റോപ്പുകൾ ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു അദ്ദേഹം.

കൊച്ചി വിമാനത്താവളത്തോടു ചേർന്ന് പുതിയ റെയിൽവേ സ്റ്റേഷന്റെ നിർമാണത്തിന് റെയിൽവേ ബോർഡ് അനുമതി നൽകിയതായും സഹമന്ത്രി പറഞ്ഞു. കേരളത്തിൽ പുരോഗമിക്കുന്ന അമൃത് ഭാരത് സ്റ്റേഷൻ പദ്ധതികളെക്കുറിച്ച് എടുത്തു പറഞ്ഞ കേന്ദ്ര മന്ത്രി, സംസ്ഥാനത്തിന്റെ റെയിൽവേ വികസനത്തിനായി വകയിരുത്തപ്പെടുന്ന തുകയിൽ ഗണ്യമായ വർധനവുണ്ടയതായും അറിയിച്ചു.

✪✪✪

ആഭ്യന്തര വകുപ്പിന്റെ വിഷൻ 2031 സംസ്ഥാനതല സെമിനാർ നാളെ രാവിലെ കണ്ണൂരിൽ മുൻ സുപ്രീം കോടതി ജഡ്ജി CT രവികുമാർ ഉദ്ഘാടനം ചെയ്യും. വൈകീട്ട് സമാപന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്യുന്നത്.

✪✪✪

ഗർഭാശയഗള കാൻസർ പ്രതിരോധത്തിന് പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥിനികൾക്ക് ഹ്യൂമൺ പാപ്പിലോമ വൈറസ് വാക്സിനേഷൻ നൽകുന്ന പൈലറ്റ് പദ്ധതി നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ കൂത്തുപറമ്പ് താലൂക്ക് ആശുപത്രിയിൽ ഉദ്ഘാടനം ചെയ്യും. കണ്ണൂർ ജില്ലയിലാണ് പദ്ധതി നടപ്പാക്കുന്നത്.

✪✪✪

സാംസ്കാരിക മന്ത്രാലയവുമായി സഹകരിച്ച് പ്രസാർ ഭാരതി ഇന്ന് മുതൽ ഈ മാസം 29 വരെ രാജ്യവ്യാപകമായി 67-ാമത് ആകാശവാണി സംഗീത സമ്മേളനം നടത്തും. 24 കേന്ദ്രങ്ങളിലായാണ് പരിപാടി സംഘടിപ്പിക്കുകയെന്ന് പ്രസാർ ഭാരതി CEO ഗൗരവ് ദ്വിവേദി അറിയിച്ചു. ഇന്ന് ഡൽഹി, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ പരിപാടി ആരംഭിക്കും.

ഹിന്ദുസ്ഥാനി, കർണാടക, ലളിത സംഗീതം, നാടോടി സംഗീതം എന്നിവയുടെ മികച്ച ധാരകൾ രാജ്യമെമ്പാടും ശ്രോതാക്കളിലേക്ക് എത്തിക്കുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം.

✪✪✪

സംസ്ഥാനത്തെ ഏറ്റവും വലിയ താലൂക്കാശുപത്രി കെട്ടിടങ്ങളിൽ ഒന്നായ കൂത്തുപറമ്പ് താലൂക്ക് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

രണ്ട് ബേസ്മെന്റ് ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ പന്ത്രണ്ട് നിലകളോട് കൂടിയതാണ് കെട്ടിടം. കെട്ടിടത്തിൽ ലിഫ്റ്റ് ഉൾപ്പെടെ എല്ലാ ആധുനിക സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. 2020-ൽ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെയാണ് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്ക് തറക്കല്ലിട്ടത്. 59 കോടി 23 ലക്ഷം രൂപ ചെലവിൽ, നബാർഡ് വായ്പാ സഹായത്തോടെയാണ് നിർമ്മാണം പൂർത്തിയാക്കിയത്.

✪✪✪

പരിശീലനം പൂർത്തിയാക്കിയ 479 പോലീസ് ട്രെയിനികളുടെ പാസിങ് ഔട്ട് പരേഡ് നാളെ കണ്ണൂർ മാങ്ങാട്ടു പറമ്പിലെ KAP നാലാം ബറ്റാലിയൻ ഗ്രൗണ്ടിൽ നടത്തും. മുഖ്യമന്ത്രി പിണറായി വിജയൻ പരേഡിന്റെ സല്യൂട്ട് സ്വീകരിക്കും.

✪✪✪

ICC വനിതാ ലോകകപ്പ് ഏകദിന ക്രിക്കറ്റ് ചാമ്പ്യന്മാരെ ഇന്നറിയാം. നവിമുംബൈ DY പാട്ടീൽ സ്റ്റേഡിയത്തിൽ ഉച്ച കഴിഞ്ഞ് മൂന്നിന് ഇന്ത്യൻ വനിതകൾ ദക്ഷിണാഫ്രിക്കയെ നേരിടും. ഇരു ടീമുകളും ഇതുവരെ ICC കിരീടം നേടിയിട്ടില്ല. ആദ്യസെമിയിൽ ഇംഗ്ലണ്ടിനെ തോൽപ്പിച്ചാണ് ദക്ഷിണാഫ്രിക്ക ഫൈനലിസ്റ്റുകളായത്. രണ്ടാം സെമിയിൽ ഓസ്ട്രേലിയയെ അഞ്ച് വിക്കറ്റിന് തകർത്താണ് ഇന്ത്യ ഫൈനലിലെത്തിയത്.

✪✪✪

ഇന്ത്യ-ഓസ്‌ട്രേലിയ ട്വന്റി 20 അന്താരാഷ്ട്ര ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരം ഉച്ചക്ക് ഹൊബാർട്ടിലെ ബിലിറീവ് ഓവലിൽ. ഇന്ത്യൻ സമയം ഉച്ചക്ക് 1.45നാണ് മത്സരം. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ ഒന്ന് ജയിച്ച് ഓസ്‌ട്രേലിയ മുന്നിട്ട് നിൽക്കുകയാണ്.

✪✪✪

അന്തരിച്ച ഒളിമ്പ്യൻ മാനുവൽ ഫ്രെഡറക്കിന്റെ സംസ്കാരം ഇന്ന് ബംഗളൂരുവിൽ നടത്തും. രാവിലെ ബംഗളൂരു TC പാളയത്തിലെ വീട്ടിലെത്തിച്ച ഭൗതിക ശരീരം ഉച്ചയ്ക്കുശേഷം ഹുസൂർ റോഡിലെ ഇന്ത്യൻ ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിക്കും.

കേരളത്തിന്റെ ആദ്യ ഒളിമ്പിക്ക് മെഡൽ ജേതാവായ മാനുവൽ ഫ്രെഡറക്കിനെ 2019 ൽ രാജ്യം ധ്യാൻചന്ദ് പുരസ്കാരം നൽകി ആദരിച്ചിരുന്നു.

ഒളിമ്പ്യൻ മാനുവൽ ഫെഡറിക്സിന് അനുശോചനം രേഖപ്പെടുത്തി വൈകിട്ട് 4ന് കണ്ണൂർ ജവഹർ സ്റ്റേഡിയത്തിന് മുൻവശം പ്രത്യേകം സജ്ജീകരിച്ച വേദിയിൽ കണ്ണൂർ ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ ഒളിമ്പിക് അസോസിയേഷന്റെയും ആഭിമുഖ്യത്തിൽ പുഷ്പാർച്ചന നടത്തും.

✪✪✪

കേരളത്തെ അതിദാരിദ്ര്യമുക്തമായി പ്രഖ്യാപിച്ച ഇടത് ഗവൺമെന്റിന്റെ നടപടി തട്ടിപ്പാണെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് കുറ്റപ്പെടുത്തി. UDF ഭരണത്തിലെത്തിയാൽ ഈ തട്ടിപ്പ് ജനങ്ങൾക്ക് മുമ്പിൽ തുറന്ന് കാണിക്കുമെന്നും അദ്ദേഹം ഇടുക്കിയിൽ പറഞ്ഞു. ഇടുക്കിയിലെ അനുമതിയില്ലാത്ത നിർമ്മാണപ്രവർത്തനങ്ങൾ വൻ ഫീസ് ഈടാക്കി ക്രമവത്കരിക്കുന്ന ഗവൺമെന്റ് നടപടി ചതിയാണെന്ന് അദ്ദേഹം പറഞ്ഞു. അധികാരത്തി ലെത്തിയാൽ ഇടുക്കിയിലെ ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ പിഴപോലും ഈടാക്കാതെ മുൻകാല പ്രാബല്യത്തോടെ ക്രമവത്കരിക്കുമെന്നും KPCC പ്രസിഡന്റ് ഉറപ്പ് നൽകി.

✪✪✪

ഇടത് മുന്നണി യോഗം വൈകിട്ട് തിരുവനന്തപുരത്ത് ചേരും. AKG സെന്ററിലാണ് യോഗം. PM-ശ്രീ, തദ്ദേശ തിരഞ്ഞെടുപ്പ് ഉൾപ്പെടെ വിഷയങ്ങൾ യോഗത്തിൽ ചർച്ചയാകുമെന്നാണ് സൂചന.

PM-ശ്രീ പദ്ധതിയിൽ ഗവണ്മെന്റ് ഒപ്പ് വച്ചതുമായി ബന്ധപ്പെട്ട വിവാദങ്ങൾക്ക് ശേഷം ചേരുന്ന ആദ്യ LDF യോഗമാണ് ഇത്.

✪✪✪

ഭക്തിസാന്ദ്രമായി പരുമല. തീർഥാടന വാരാഘോഷ സമാപനവും തീർഥാടക സംഗമവും ഇന്നാണ്. നാളെയാണ് പെരുന്നാൾ

✪✪✪

പരുമല പള്ളി തിരുനാൾ ദിനമായ നാളെ ആലപ്പുഴ ജില്ലയിലെ മാവേലിക്കര, ചെങ്ങന്നൂർ താലൂക്കുകളിലും പത്തനംതിട്ട ജില്ലയിലെ തിരുവല്ല താലൂക്കിലും എല്ലാ ഗവണ്മെന്റ് ഓഫിസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി നൽകി. പൊതു പരീക്ഷകൾക്ക് അവധി ബാധകമല്ല.

✪✪✪

ദീപാലംകൃതമാക്കി മോടിപിടിപ്പിച്ച കോഴിക്കോട് ടൗൺഹാളിന്റെ സ്വിച്ച് ഓൺ കർമം വൈകീട്ട് മന്ത്രി PA മുഹമ്മദ് റിയാസ് നടത്തും. കോഴിക്കോട് നഗരത്തിലെ പ്രധാന കെട്ടിടങ്ങളുടെ സൗന്ദര്യവത്കരണ ഫസാഡ് ലൈറ്റിങ് പദ്ധതിയുടെ ഭാഗമായാണ് ടൗൺഹാളിൽ അലങ്കാര വിളക്കുകൾ ഒരുക്കിയത്.

✪✪✪

നവീകരിച്ച കൊളത്തറ റഹിമാൻ ബസാറിലെ മുല്ലവീട്ടിൽ അബ്ദു റഹിമാൻ പാർക്ക് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ഒരു കോടി 45 ലക്ഷ രൂപ ചെലവിലാണ് ടൂറിസം വകുപ്പ് നവീകരണ പ്രവർത്തനങ്ങൾ നടത്തിയത്.

✪✪✪

പാലക്കാട് ചിറ്റൂരിൽ ഇന്നലെ കാണാതായ സഹോദരങ്ങളെ കുളത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. 14-കാരായ ഇരട്ട സഹോദരങ്ങൾ രാമനും ലക്ഷ്മണനും ആണ് മരിച്ചത്. ചിറ്റൂർ ബോയ്സ് സ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥികളാണ്. ഇന്നലെ വൈകിട്ടാണ് കുട്ടികളെ കാണാതായാത്.

✪✪✪

*News Editor: ശ്രുതി*
*News Reader: നിമിഷ ജി*
*NRTs:അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*